

# ഡൺസ്റ്റനച്ചൻ ഉണ്ടായിരുന്നെങ്കിൽ...

(ഒന്നാം പതിപ്പ്)

പുണ്യചരിതനായ ബ. ഡൺസ്റ്റനച്ചന്റെ ജീവചരിത്രത്തിലൂടെ കടന്നുപോയപ്പോൾ അച്ചനോട് എപ്പോഴുമുണ്ടായിരുന്ന ആദരവ് പതിന്മടങ്ങായി വളർന്നു എന്നതാണ് വാസ്തവം. വി. കൊച്ചുത്രേസ്യയുടെ 'നവമാലിക' വായിക്കുമ്പോഴുണ്ടാകുന്ന സുഖവും ആത്മീയാനുഭൂതിയും ലഭിച്ചു. ഇന്ത്യയിലെ ആദ്യത്തെ വിശുദ്ധനാകാൻ കൊതിച്ചു ജീവിച്ച ഒരു പുണ്യാത്മാവ്!

ഞാൻ സഭയിൽ ചേരുന്ന 1978-ൽ വരന്തരപ്പിള്ളി കൊവേന്തയിലെ പ്രിയോരച്ചനായിട്ടാണ് എനിക്ക് അദ്ദേഹവുമായുള്ള പരിചയം ആരംഭിക്കുന്നത്. അമ്പഴക്കാട് എന്റെ നവസന്യാസ കാലഘട്ടത്തിൽ (1979-81) ഡൺസ്റ്റനച്ചൻ പരിശീലന ടീമിലെ അംഗമായിരുന്നു. വീണ്ടും 1995-96-ൽ ഡൺസ്റ്റനച്ചന്റെ സഹായിയായി കോയമ്പത്തൂർ കൗണ്ടംപാളയം ലിറ്റിൽ ഫ്ളവർ മൈനർ സെമിനാരിയിലും 1999-2001-ൽ എനിക്കു സഹായിയായി സരവണംപട്ടി അരുൾ മലർ ഇല്ലത്തിലും 2006-ൽ അച്ചന്റെ ഓർമ്മ നഷ്ടപ്പെട്ട കാലയളവിൽ അച്ചനെ ശുശ്രൂഷിച്ച് കൊഴിഞ്ഞാമ്പാറ സെന്റ് തോമസ് ആശ്രമത്തിലും ഇടപഴകുന്നതിന് അവസരം ലഭിച്ചതു ജീവിതത്തിലെ പുണ്യപ്പെട്ട വർഷങ്ങളായി കണക്കാക്കുന്നു.

കാണാൻ ആകർഷകത്വമില്ലെങ്കിലും പരിചയപ്പെടുന്നവർക്കു ഡൺസ്റ്റനച്ചൻ ഏറ്റവും ഇഷ്ടപ്പെടുന്നവനും ബഹുമാന്യനുമായിത്തീർന്നതിനു കാരണം അച്ചന്റെ ആത്മീയ സൗന്ദര്യമുള്ള വ്യക്തിത്വമായിരിക്കാം. പൊതുചർച്ചകളിൽ സി.എം.ഐ. സന്യാസനിയമങ്ങൾക്ക് എതിരായ ഒരു തീരുമാനമുണ്ടായാൽ വാചാലമായല്ലെങ്കിലും അദ്ദേഹത്തിൽ നിന്നുയരുന്ന രോഷാകുലമായ ശബ്ദം ഇന്നും കാതുകളിൽ മാറ്റൊലി

കൊള്ളുന്നു. അച്ചന്റെ കാലശേഷം യോഗങ്ങളിൽ ചിലപ്പോഴൊക്കെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നെങ്കിൽ എന്നു കൊതിച്ചുപോയിട്ടുണ്ട്. അത്രയേറെ പ്രവാചകത്വം നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു ഡൺസ്റ്റനച്ചൻ.

വലിയ ബിരുദങ്ങൾ നേടിയിട്ടില്ലെങ്കിലും, ജീവിക്കുന്ന അനുഭവത്തിൽ നിന്ന് അച്ചൻ നല്കുന്ന ഉപദേശങ്ങൾ ആർക്കും സ്വീകാര്യവും ശാന്തി പകരുന്നവയുമായിരുന്നു. വിശുദ്ധനായ ഒരു വ്യക്തിയിൽ നിറഞ്ഞുനിന്നിരുന്ന പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണ് അദ്ദേഹത്തിന്റെ വാക്കുകളെ അത്രയേറെ ആസ്വാദ്യകരമാക്കിയതെന്ന് ഇന്നു തിരിച്ചറിയുന്നു.

ഓർമ്മ നഷ്ടപ്പെട്ടു കൂടെയുണ്ടായിരുന്ന കാലഘട്ടത്തിലെ ഒരനുഭവം കുറിക്കുകയാണ്: വൈദിക വിദ്യാർത്ഥികളുടെ സ്വരം കേട്ടു നീങ്ങുന്ന ഒരു വടക്കുനോക്കി യന്ത്രം പോലെയായിരുന്നു അന്ന് ഡൺസ്റ്റനച്ചൻ. മറ്റ് യാതൊരു വികാരവും അച്ചനിൽ പ്രകടമായിരുന്നില്ല. ഒരിക്കൽ ഒരു ബ്രദർ ചെയ്ത ഒരു തെറ്റിനെ അല്പം കർക്കശമായി ഞാൻ ശാസിച്ചുകൊണ്ടിരിക്കുകയായിരുന്നു. ചുറ്റുപാടും നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഓർമ്മകളോ വികാരങ്ങളോ ഇല്ലെന്നു കരുതപ്പെട്ടിരുന്ന ഡൺസ്റ്റനച്ചൻ പെട്ടെന്നു പ്രതികരിച്ചു: "കുട്ടികളെ ശാസിക്കാൻ അച്ചന് ആരാണ് അനുവാദം തന്നത്?" ഒരു കാലത്ത് അനീതികൾക്കെതിരെ ശബ്ദമുയർത്തിയതിന്റെ അതേ തീവ്രത!

അവസാനം വരെ കുട്ടികളോടൊപ്പമായിരുന്ന്, അവരോടൊപ്പം ജീവിച്ചു മതിവരാതെ നമ്മിൽ നിന്ന് അകന്നുപോയ ബ. ഡൺസ്റ്റനച്ചൻ വൈദിക വിദ്യാർത്ഥികളുടെ മദ്ധ്യസ്ഥനായി സ്വർഗ്ഗത്തിൽ വസിക്കുന്നു എന്നാണെന്റെ വിശ്വാസം.

ഓർമ്മക്കുറിപ്പുകൾ സമാഹരിച്ച് അടുക്കും ചിട്ടയുമായി ക്രമീകരിച്ച് ഒരാത്മീയ ഉണർവ്വായി ഞങ്ങളുടെ മുമ്പിൽ വിളമ്പിതന്ന ബ. പോളി പയ്യപ്പിള്ളിയച്ചനു നന്ദി; പ്രാർത്ഥനാശംസകൾ!

കോയമ്പത്തൂർ **ഫാ. വിൻസൻ മൊയലൻ സി.എം.ഐ.**

2014 പ്രൊവിൻഷ്യാൾ, പ്രേഷിത പ്രവിശ്യ